പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1542 | 12-06-2019-ലെ മറുപടിയ്ക്ക്

**കാർഷിക മേഖല സംരക്ഷിക്കാൻ സഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്ത് കൃഷിയിറക്കുന്നതിനുണ്ടായ അമിത ചെലവും, വളത്തിനും കീടനാശിനിക്കും പ്രതിദിനം വില കൂടുന്നതും കർഷകരെ പ്രതിസന്ധിയിലാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ) & (ബി)** | നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈ-ടെക് അഗ്രിക്കൾച്ചർ, മണ്ണിന്റെയും വേരിന്റേയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ജൈവകൃഷിയും ഉത്തമ കൃഷി മുറകളും, ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ഉൽപാദനവും വിതരണവും, കാർഷിക വിപണനവും വിപണി വികസനവും, മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും, വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്ങ്-പയർവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻവിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക വിളകളുടെ ഉൽപാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>കർഷകർക്ക് ഉത്പാദന ചെലവിനനുസൃതമായി വരുമാനം ഉറപ്പുവരുത്തുന്നതിനായി, വിപണി സംവിധാനം ശക്തിപ്പെടുത്തുന്നതിനും വിപണി ഇടപെടലിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യ വർദ്ധനവിനും ആവശ്യമായ പദ്ധതികളും നടപ്പിലാക്കുന്നു.<br><br>ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകാതെ ന്യായവില |
| **(ബി)** | ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ കൃഷി തുടർന്നുകൊണ്ടുപോകാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ കർഷകരെ ഈ മേഖലയിൽ പിടിച്ച് നിർത്തുന്നതിന് സർക്കാർ തലത്തിൽ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തുന്നതിന് കർഷകർക്ക് നേരിട്ട് വില്പന നടത്തുന്ന വിവിധ കർഷക വിപണികൾ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. കർഷകർ ജൈവ കൃഷിയിലൂടെയും ഉത്തമ കാർഷിക രീതിയിലൂടെയും ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച് "ഇക്കോഷോപ്പുകൾ" മികച്ച വില ലഭ്യമാക്കി വരുന്നു. പച്ചക്കറി വികസനപദ്ധതിയിൻ കീഴിൽ രൂപീകരിച്ച ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകളും ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണവും വിപണനവും നടപ്പിലാക്കുന്നു.<br>കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് (പഴം, പച്ചക്കറികൾ, നാളികേരം എന്നിവ) വിപണിയിൽ വില തകർച്ച നേരിടുമ്പോൾ സർക്കാർ വിപണിയിൽ ഇടപെട്ട് ന്യായവില നൽകി ഉത്പന്നങ്ങളുടെ സംഭരണം നടത്തുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽ നിന്നും നിശ്ചിത വിലയ്ക്ക് നെല്ല് സംഭരണവും നടത്തി വരുന്നു.<br>സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ ഉത്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു.<br>റബ്ബറിന് വിപണിയിൽ വില സ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു. |

സെക്ഷൻ ഓഫീസർ